**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4672** **10-08-2021 - ൽ മറുപടിയ്ക്ക്**

**നെയ്യാറ്റിൻകര മണ്ഡലത്തിലെ കായിക പരിശീലന കേന്ദ്രങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ കെ ആൻസലൻ | | Shri.V. Abdurahiman<br>(കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | നെയ്യാറ്റിൻകര മണ്ഡലത്തിൽ അനുവദിച്ച കുളത്തൂർ ഗവ. ഹൈസ്കൂളിലെ ഫുട്ബോൾ പരിശീലന കേന്ദ്രം, നെയ്യാറ്റിൻകര ഗവ. ഹയർ സെക്കന്ററി സ്കൂളിലെ ബാസ്കറ്റ്ബോൾ പരിശീലന കേന്ദ്രം എന്നിവയുടെ നിലവിലെ അവസ്ഥ എന്തെന്ന് വിശദമാക്കാമോ; | (എ) | നെയ്യാറ്റിൻകര മണ്ഡലത്തിലെ കുളത്തൂർ ഗവ.ഹൈസ്കൂളിലെ ഗ്രാസ്റ്റൂട്ട് ഫുട്ബോൾ പരിശീലന കേന്ദ്രത്തിൽ 2019മാർച്ച് മുതൽ ഫുട്ബോൾ നെയ്യാറ്റിൻകര ഗവ.ഹയർ സെക്കന്ററി സ്കൂളിലെ ഗ്രാസ്റ്റൂട്ട് ബാസ്കറ്റ് ബോൾ പരിശീലന കേന്ദ്രത്തിൽ 2020 ഫെബ്രുവരി മുതൽ ബാസ്കറ്റ് ബോൾ എന്നീ ഇനങ്ങളിൽ പരിശീലന പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. കോവിഡ് 19 രോഗവ്യാപനം കുറയ്ക്കുന്നതിന്റെ ഭാഗമായി പരിശീലന പദ്ധതികൾ താൽക്കാലികമായി നിർത്തി വച്ചിരിക്കുകയാണ്. |
| (ബി) | പ്രസ്തുത പരിശീലന കേന്ദ്രങ്ങൾക്ക് ഓരോ വർഷവും ചെലവാകുന്ന തുക എത്രയെന്ന് വ്യക്തമാക്കാമോ? | (ബി) | സംസ്ഥാനത്തൊട്ടാകെ ഗ്രാസ്റ്റൂട്ട് പരിശീലന പദ്ധതികൾ നടപ്പിലാക്കുന്നതിനായി നിർവ്വഹണ ഏജൻസികൾക്ക് തുക കൈമാറുകയാണ് ചെയ്യുന്നത്. പരിശീലന കേന്ദ്രങ്ങൾക്ക് പ്രത്യേകമായി തുക അനുവദിക്കുന്നില്ല. |

സെക്ഷൻ ഓഫീസർ